പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 144

21.03.2012 ൽ മറുപടിക്ക്

## സഹകരണ വർഷത്തിന്റെ ഭാഗമായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എ.എം. ആരിഫ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| എ) ഐക്യരാഷ്ട്രസഭ 2012 അന്തർ ദ്ദേശീയ സഹകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ സഹകരണ വർഷത്തിന്റെ ഭാഗമായി സംസ്ഥാനത്ത് സഹക രണ മേഖലയുടെ വളർച്ചയ്ക്ക് സഹാ യകരമായ രീതിയിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) അന്തർദേശീയ സഹകരണ വർഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സഹകരണ മേഖലയുടെ ശക്തിയും നേട്ടങ്ങളും വ്യക്തമാക്കുന്ന തരത്തിലും, സംസ്ഥാന ത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിക്ക് സഹകരണ മേഖല വഹിച്ച പങ്ക് വ്യക്തമാക്കുന്ന തരത്തിലുമുള്ള ഒരു എക്സിബിഷനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ഉദ്ദേശി ക്കുന്നു. ഇതിലൂടെ സംസ്ഥാനത്ത് സഹകരണ മേഖലയ്ക്ക് ഉള്ള കൂടുതൽ സാദ്ധ്യതകൾ പരിശോ ധിക്കുവാനും സഹകരണ മേഖലയുടെ പ്രശ്നങ്ങളുടെ പരിഹാര മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) സഹകരണ ജനാധിപത്യം ശക്തി പ്പെടുത്തുന്നതിനും സഹകരണ മേഖലയിലെ കള്ളനാണയങ്ങളായ കടലാസ് സംഘങ്ങളെ ഒഴിവാക്കുന്ന തിനും തയ്യാറാകുമോ; | സി) സഹകരണ മേഖലയിൽ കൂടുതൽ ജനാധിപത്യ പരമായി സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തുള്ള പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പി ലാക്കുന്നുണ്ട്. കള്ളനാണയങ്ങളായ കടലാസ് സംഘങ്ങളെ പറ്റി സർക്കാരിന് അറിവില്ല. |
| ഡി) പ്രഖ്യാപിത സഹകരണ തത്വങ്ങൾ ക്കനുസൃതമല്ലാത്തതായി ആക്ഷേപി ക്കപ്പെട്ട നടപടികളിൽ നിന്നും പിന്തിരിയാൻ തയ്യാറാകുമോ? | ഡി) പ്രഖ്യാപിത സഹകരണ തത്വങ്ങൾക്ക് അനുസൃത മല്ലാത്ത നടപടികൾ ഉള്ളതായി സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. |